LIBRARY ARCHIVES Kerala Legislative Assembly

(31) പന്തളത്തെ ഫയർസ്റ്റേഷന്റെ പ്രവർത്തനം

ശ്രീ. കെ. കെ. ഷാജു: സർ, പന്തളത്ത് അനുവദിച്ച ഫയർസ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. മറ്റ് സംസ്ഥാനങ്ങളിൽ നിന്നെല്ലാം ലക്ഷക്കണക്കിന് അയ്യപ്പഭക്തന്മാർ വന്നുപോകുന്ന ശബരിമലയുടെ മൂലസ്ഥാനമായ പന്തളത്ത് കുളിക്കാനിറങ്ങുന്നവർ അപകടത്തിൽപ്പെട്ട് മരിക്കുന്നത് സർവ്വസാധാരണമാണ്. അതുകൊണ്ടാണ് പന്തളത്ത് ഒരു ഫയർസ്റ്റേഷൻ വേണമെന്നുള്ള ആവശ്യം വളരെക്കാലമായി ഉയർന്നുവന്നത്. പുതിയതായി ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച 27 ഫയർസ്റ്റേഷനുകളിൽ ഒമ്പതാമത്തേതായി ഗവൺമെന്റ് അംഗീകരിച്ചതാണ് പന്തളം ഫയർസ്റ്റേഷൻ. അത് ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലവും പ്രാഥമിക സൗകര്യങ്ങളും നൽകാമെന്ന് പഞ്ചായത്ത് രേഖാമൂലം അധികൃതരെ അറിയിച്ചിട്ടുള്ളതുമാണ്. ഈ ഫയർസ്റ്റേഷൻ എന്ന് ആരംഭിക്കുമെന്ന് പറയാൻ കഴിയുമോ?

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. പന്തളത്ത് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുബന്ധ സൗകര്യങ്ങൾ സൗജന്യമായി ഒരുക്കിക്കൊടുക്കാമെന്ന് ഗ്രാമ പഞ്ചായത്ത് വാഗ്ദാനം ചെയ്തിട്ടുണ്ട്. പ്രസ്തുത സൗകര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമായ ഫണ്ട് ലഭ്യമായാൽ പന്തളത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി ഉടൻ നൽകുന്നതാണ്.

(32) കാപ്പിൽ പാലത്തിന്റെ അറ്റകുറ്റപ്പണികൾ

ശ്രീ. വർക്കല കഹാർ: സർ, തീരദേശത്തുള്ളതും വളരെയേറെ വാഹനത്തിരക്കും യാത്രാ പ്രാധാന്യമുള്ളതുമായ റോഡിൽ സ്ഥിതിചെയ്യുന്ന കാപ്പിൽ പാലത്തിന് സുനാമി കടലാക്രമണംമൂലം കാര്യമായ തകരാറുസംഭവിച്ചു. അജ്ഞാതമായ പ്രകൃതി പ്രതിഭാസത്തിന്റെ പ്രഹരം ഏറ്റുവാങ്ങി തകർന്നുപോയ ആ പാലം പുനർനിർമ്മിക്കാനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മരാമത്തു വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*): സർ, വർക്കല പരവൂർ റോഡിൽ കാപ്പിലിനു സമീപമാണ് ഈ പാലം സ്ഥിതി ചെയ്യുന്നത്. കടലിന്റെ സാമീപ്യംമൂലവും 30 വർഷത്തിലേറെ പഴക്കമുള്ളതുമായ പാലത്തിന് സുനാമി ദുരന്തത്തോടനുബന്ധിച്ച

കടലാക്രമണത്തിൽ സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഈ പാലം പൂർണ്ണമായും കേടുപാടുകൾ തീർത്ത് സംരക്ഷിക്കുന്നതിനായി 125 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധനയിലാണ്. വരുന്ന സാമ്പത്തിക വർഷം ഭരണാനുമതി നൽകുന്ന അവസരത്തിൽ ഈ പാലത്തിന് മുന്തിയ പരിഗണന നൽകുന്നതാണ്.

(33) വിദ്യാലയങ്ങളിലെ ലൈബ്രറികൾ മെച്ചപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. ടി. പി. എം. സാഹിർ: സർ, സ്കൂളുകളുടെ ഭൗതികാവശ്യങ്ങൾ നിർവ്വഹിക്കുന്നത് എസ്.എസ്.എ. ഫണ്ട് മുഖേനയാണ്. ചോക്ക്, ഡസ്റ്റർ, ബോർഡ് അതുപോലെയുള്ള 136 ഐറ്റങ്ങൾക്കാണ് ഈ ഫണ്ട് ഉപയോഗിക്കുന്നത്. സ്കൂൾ ലൈബ്രറിയുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഒരു ഫണ്ടും ഉപയോഗിക്കുന്നില്ല. ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കേണ്ട കാലമാണ്. പുസ്തകങ്ങൾ ഇന്ന് സ്കാനർ ഉപയോഗിച്ച് സി.ഡി.യിലേക്ക് മാറ്റാനുള്ള സൗകര്യമുണ്ട്. അതെല്ലാം മോഡേണൈസ്ഡ് ലൈബ്രറിയുടെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നതാണ്. അതുകൊണ്ട് സ്കൂൾ ലൈബ്രറികൾ മോഡേണൈസ് ചെയ്യാൻവേണ്ട നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, ഇക്കാര്യത്തിന് മുൻ ഡി.പി.ഐ. ശ്രീ. വി. പി. ജോയി ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. സ്കൂൾ ലൈബ്രറികൾ നന്നാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പ്രത്യേകിച്ച് ഗ്രേഡിംഗ് വന്നതോടുകൂടി അഡീഷണലായി റീഡിംഗിനുള്ള സൗകര്യം സ്കൂൾ ലൈബ്രറികളിൽ ഉണ്ടാക്കണം. എസ്. എസ്. എ. ഫണ്ട് ഉപയോഗിച്ച് സ്കൂൾ ലൈബ്രറികൾ നന്നാക്കാനുള്ള പദ്ധതികൾ ഗവൺമെന്റിന്റെ മുമ്പിലുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ ടെക്നോളജി വളരെയധികം വികാസം പ്രാപിച്ചിട്ടുണ്ട്. മൈക്രോ ഫിലിം അല്ലെങ്കിൽ സി.ഡി. ആക്കുന്നത് തുടങ്ങിയ സംവിധാനങ്ങൾ സ്കൂൾ ലൈബ്രറികളിൽ ഉണ്ടാക്കേണ്ടതുണ്ട്. ഇപ്പോഴുള്ള എസ്.എസ്.എ. ഫണ്ട് കുറച്ചുകൂടി വർദ്ധിപ്പിച്ചിട്ട് സ്കൂൾ ലൈബ്രറികൾ നന്നാക്കാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. ഇത് ഗവൺമെന്റിന്റെ പ്രയോറിറ്റി സെക്ടറാണ്.

മി. സ്പീക്കർ: ലൈബ്രറി നന്നാക്കുന്നതോടൊപ്പം പുസ്തക വായനയും പ്രോൽസാഹിപ്പിക്കണം. അതിനുംകൂടി മാർക്കു കൊടുക്കുന്ന ഒരു ഏർപ്പാട് ചെയ്തുകൂടേ?

LIBRARY ARCHIVES Kerala Legislative Assembly